ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.09.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. 71-ാമത് ദേശീയ ചല ച്ചിത്ര പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും. മലയാളത്തിൻറെ അഭിമാന താരം മോഹ ൻലാൽ ദാദാ സാഹിബ് ഫാൽകെ പുരസ്കാരം ഏറ്റുവാങ്ങും.

   **President Droupadi Murmu to present 71st National Film Awards in New Delhi today. Legendary actor Mohanlal will be honoured with Dadasaheb Phalke Award, the highest recognition in the field of Cinema.**

2. പിഎം ഉജ്ജ്വല പദ്ധതിയിലൂടെ ഈ സാമ്പത്തിക വർഷം 25 ലക്ഷം എൽപിജി കണക്ഷനുകൾ അധികമായി നൽകുമെന്ന് കേന്ദ്ര സർക്കാർ.

   **Government decides to provide 25 lakh additional LPG connections under Pradhan Mantri Ujjwala Yojana during current Financial Year**

3. പ്രതിരോധ സഹകരണം സംബന്ധിച്ച് മൊറോക്കോയുമായി ധാരണാപത്രം ഒപ്പുവച്ച് രാജ്യരക്ഷാമന്ത്രി രാജ് നാഥ് സിങ്.

   **India and Morocco sign MoU on defence cooperation in Rabat to intensify defence industry collaboration.**

4. പത്താമത് ദേശീയ ആയുർവേദ ദിനത്തോടനുബന്ധിച്ച് രാജ്യത്ത് ഇന്ന് വിപുലമായ പരിപാടികൾ.

   **The 10th National Ayurveda Day is being celebrated today across the country**

5. ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ന് പാകിസ്ഥാൻ- ശ്രീലങ്കയെ നേരിടും.

**In Asia Cup Cricket Pakistan will take on Srilanka today.**

6. പലസ്തീനെ സ്വതന്ത്ര രാഷ്ട്രമായി അംഗീകരിച്ച് ഫ്രാൻസ്.

**France recognises state of Palestine at UN General Assembly**

************************************************

## NATIONAL FILM AWARDS

71-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും. മലയാളത്തിൻറെ അഭിമാന താരം മോഹൻലാൽ ചടങ്ങിൽ ദാദാ സാഹിബ് ഫാൽകെ പുരസ്കാരം ഏറ്റുവാങ്ങും. ചലച്ചിത്ര മേഖലയിലെ രാജ്യത്തെ പരമോന്നത പുരസ്കാരമാണിത്. മികച്ച നടനുള്ള പുരസ്ക്കാരം ഷാരൂഖ് ഖാനും വിക്രാന്ത് മാസിയ്ക്കും ചടങ്ങിൽ സമ്മാനിക്കും. റാണി മുഖർജി മികച്ച നടിക്കുള്ള പുരസ്ക്കാരം രാഷ്ട്രപതിയിൽ നിന്നും ഏറ്റുവാങ്ങും. മികച്ച സഹനടനുള്ള പുരസ്കാരം വിജയരാഘവനും സഹനടിക്കുള്ള അവാർഡ് ഉർവശിയ്ക്കും ചടങ്ങിൽ സമ്മാനിക്കും. അഞ്ച് പുരസ്കാരങ്ങളാണ് ഇക്കുറി മലയാളത്തിൽ നിന്നും സ്വന്തമാക്കിയിരിക്കുന്നത്. വിഗ്യാൻ ഭവനിൽ വൈകുന്നേരം നാല് മണിയ്ക്കാണ് പുരസ്കാര വിതരണം.

************************************************

## PM- UJWALA

പിഎം ഉജ്ജ്വല പദ്ധതിയുടെ കീഴിൽ ഈ സാമ്പത്തിക വർഷം 25 ലക്ഷം എൽപിജി കണക്ഷനുകൾ അധികമായി നൽകുമെന്ന് കേന്ദ്ര സർക്കാർ. സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ടാണ് നടപടിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമാക്കി. രാജ്യത്തെ എല്ലാ വനിതകൾക്കും എൽപിജി കണക്ഷൻ ഉറപ്പാക്കാൻ സർക്കാർ

പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്രമന്ത്രി ഹർദീപ് സിംഗ് പുരി പറഞ്ഞു. ഓരോ കണക്ഷനും വേണ്ടി കേന്ദ്ര സർക്കാർ 2,000 രൂപയോളമാണ് ചിലവിടുക. പുതിയ തീരുമാനത്തോടെ ഉജ്ജ്വല പദ്ധതിയിലെ അംഗങ്ങളുടെ എണ്ണം 10.58 കോടിയിലധികമായി ഉയരും.

******************************************

## RAJNATH–TRADE–MOROCCO

മൊറോക്കോ സന്ദർശനം തുടരുന്ന രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് മൊറോക്കൻ വ്യാപാര മന്ത്രി റയാദ് മെസോറുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യയും മൊറോക്കോയും തമ്മിലുള്ള വ്യാവസായിക സഹകരണം വർദ്ധിപ്പിക്കേണ്ടതിന്റെ പ്രാധാന്യം ഇരുനേതാക്കളും ചർച്ച ചെയ്തു. പ്രതിരോധം, ഫാർമസ്യൂട്ടിക്കൽസ്, കെമിക്കൽസ് തുടങ്ങിയ മേഖലകളിലെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച ചർച്ചകളും നടന്നു. പ്രതിരോധ സഹകരണം സംബന്ധിച്ച ധാരണാപത്രത്തിലും ശ്രീ രാജ് നാഥ് സിങ്ങും, മൊറോക്കൻ പ്രതിരോധ മന്ത്രിയും ഇന്നലെ ഒപ്പുവച്ചിരുന്നു.

******************************************

## AMIT SHAH

സ്റ്റാർട്ടപ്പ് മേഖലയിൽ ഇന്ത്യൻ യുവാക്കളുടെ സ്വപ്നങ്ങൾക്ക് ചിറക് നൽകിയത് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ദീർഘവീക്ഷണമാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. സ്റ്റാർട്ടപ്പ് കോൺക്ലേവ് 2025 ഗുജറാത്തിലെ ഗാന്ധിനഗറിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന രണ്ട് ദിവസത്തെ പരിപാടിയിൽ 1,000-ത്തിലധികം സ്റ്റാർട്ടപ്പുകൾ പങ്കെടുക്കുന്നുണ്ട്.

******************************************

## SEVA PARV – EMPLOYMENT AND ENTREPRENEURSHIP (INTRO)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ നടത്തിയ ഇടപെടലുകൾ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും യുവജനങ്ങളിലെ സംരംഭകത്വം മെച്ചപ്പെടുത്തുന്നതിനും എങ്ങനെ സഹായകരമായി എന്ന് വിശദീകരിക്കുകയാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്.രാജ്യത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് വലിയ പ്രധാന്യമാണ് നരേന്ദ്ര മോദി സർക്കാർ നൽകി വരുന്നത്. 2022 ഒക്ടോബറിൽ ആരംഭിച്ച റോസ്ഗാർ മേളകൾ രാജ്യത്തുടനീളം തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രധാന ചുവടുവയ്പ്പായെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

(വോയ്സ്)

രാജ്യത്തെ യുവാക്കളെ തൊഴിലന്വേഷകരിൽ നിന്ന് തൊഴിൽ ദാതാക്കളാക്കാൻ 2015 ഏപ്രിലിൽ ആരംഭിച്ച പ്രധാൻ മന്ത്രി മുദ്ര യോജനയും നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. പദ്ധതിയിലൂടെ ഏകദേശം 33 ലക്ഷം കോടി രൂപയുടെ വായ്പകളാണ് ഇതുവരെ അനുവദിച്ചത്.

******************************************

## GST GENERAL

ജി.എസ്.ടി ഘടനാ പരിഷ്ക്കാരങ്ങൾ നിലവിൽ വന്നതോടെ രാജ്യത്ത് നിത്യോപയോഗ സാധനങ്ങൾ ഉൾപ്പെടെ 400 ലധികം ഉത്പന്നങ്ങൾക്ക് വില കുറഞ്ഞു. പുതു തലമുറ ജിഎസ്ടി പരിഷ്കാരങ്ങളുടെ ഏറ്റവും വലിയ ഗുണഭോക്താക്കൾ സ്ത്രീകളായിരിക്കുമെന്നും പുതിയ പരിഷ്കാരങ്ങൾ പ്രതിമാസ ഗാർഹിക ചെലവുകൾ ലഘൂകരിക്കുമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ജി.എസ്.ടി യിലെ 12 ശതമാനത്തിൻറെയും, 28 ശതമാനത്തിൻറെയും സ്ലാബുകൾ ഒഴിവാക്കി നികുതി ഘടന 5 ശതമാനം 18 ശതമാനം എന്നിങ്ങനെ രണ്ട് സ്ലാബുകളായി

ചുരുക്കുന്ന പരിഷ്കാരം ഇന്നലെ മുതലാണ് പ്രാബല്യത്തിൽ വന്നത്. 99 ശതമാനം ഉത്പന്നങ്ങൾക്കും 5 ശതമാനം മാത്രമായിരിക്കും നികുതി. സ്വദേശി ഉത്പന്നങ്ങൾക്കും ആത്മനിർഭർ ഭാരതമെന്ന ദർശനത്തിനും പരിഷ്ക്കാരങ്ങൾ കുതിപ്പേകുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

**************************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

**************************************************

## VIZHINJAM VERONA SHIP (INTRO)

ഇന്ത്യയിൽ ഇതുവരെ കൈകാര്യം ചെയ്യുതിൽവെച്ച് ഏറ്റവും ആഴംകൂടിയ ഡ്രാഫ്റ്റുള്ള കണ്ടെയ്നർ കപ്പലായ എം.എസ്.സി. വെറോണ വിഴിഞ്ഞത്ത് നങ്കൂരമിട്ടു. ഇന്ന് പുലർച്ചെ നാല് മണിയോടെയാണ് കപ്പൽ വിഴിഞ്ഞത്ത് നങ്കൂരമിട്ടത്.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്...........**

(വോയ്സ്)

**************************************************

## 10TH NATIONAL AYURVEDA DAY

പത്താമത് ദേശീയ ആയുർവേദ ദിനത്തോടനുബന്ധിച്ച് രാജ്യത്ത് ഇന്ന് വിപുലമായ പരിപാടികൾ. ഗോവയിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദയിൽ നടക്കുന്ന പരിപാടി കേന്ദ്ര ആയുഷ് സഹമന്ത്രി പ്രതാപ്റാവു ജാദവ് ഉദ്ഘാടനം ചെയ്യും. "ആയുർവേദം ജനങ്ങൾക്ക്, ആയുർവേദം ഭൂമിക്ക്" എന്നതാണ് ഈ വർഷത്തെ പ്രമേയം. 2025 ലെ ദേശീയ ധന്വന്തരി ആയുർവേദ പുരസ്കാരങ്ങളും ചടങ്ങിൽ സമ്മാനിക്കും. പത്താമത്

ആയുർവേദ ദിനാചരണത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് ഇന്ന് വൈകുന്നേരം തിരുവനന്തപുരത്ത് നിർവഹിക്കും.ദിനാചരണത്തോടനുബന്ധിച്ച് 14.39 കോടി രൂപയുടെ 12 പദ്ധതികളുടെ ഉദ്ഘാടനവും മന്ത്രി നിർവഹിക്കും.

******************************************

## U P –PROHIBITION OF CASTE BASED DISCRIMINATION

ജാതി അടിസ്ഥാനമാക്കിയുള്ള രാഷ്ട്രീയ റാലികൾ, പൊതു പ്രദർശനങ്ങൾ, പോലീസ് രേഖകളിലെ ജാതി സംബന്ധമായ വിവരങ്ങളുടെ അടയാളപ്പെടുത്തൽ എന്നിവ നിരോധിച്ച് ഉത്തർപ്രദേശ് സർക്കാർ. പൊതുക്രമത്തിനും ദേശീയ ഐക്യത്തിനും ഭീഷണിയാണെന്ന് ചൂണ്ടിക്കാട്ടിയാണ് നിരോധനം. ഈ മാസം 16 ന് അലഹബാദ് ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നടപടി. ജാതി അടിസ്ഥാനമാക്കിയുള്ള വിവേചനം ഇല്ലാതാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് ഉത്തരവിൽ പറയുന്നു. ജാതി നാമങ്ങൾ, മുദ്രാവാക്യങ്ങൾ എന്നിവ അടങ്ങിയ സ്റ്റിക്കറുകൾ പതിപ്പിക്കുന്ന വാഹനങ്ങൾക്കെതിരെ പിഴ ചുമത്തുമെന്നും നിർദ്ദേശമുണ്ട്.

******************************************

## CRICKET

ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ന് പാകിസ്ഥാൻ- ശ്രീലങ്കയെ നേരിടും. രാത്രി എട്ടിന് അബുദാബി ഷെയ്ഖ് സൈയിദ് സ്റ്റേഡിയത്തിലാണ് മത്സരം. സൂപ്പർ ഫോറിൽ ഇന്ത്യ-ബംഗ്ലാദേശ് പോരാട്ടം നാളെയാണ്. നിലവിൽ ഗ്രൂപ്പ് എ യിൽ ആറു പോയിന്റുമായി ഒന്നാം സ്ഥാനത്താണ് ഇന്ത്യ.

******************************************

## FIDE WORLD CUP 2025- DIVYA DESHMUKH

ഫിഡെ ലോകകപ്പ് 2025-ൽ വൈൽഡ് കാർഡ് എൻട്രി നേടി വനിതാ ലോകകപ്പ് ചാമ്പ്യൻ ഗ്രാൻഡ്മാസ്റ്റർ ദിവ്യ ദേശ്മുഖ്. ഒക്ടോബർ 31 മുതൽ ഗോവയിലാണ് പതിനൊന്നാം ഫിഡെ ലോകകപ്പ് ചെസ്സ് മത്സരങ്ങൾ നടക്കുക. ലോക ചാമ്പ്യൻ ഡി. ഗുകേഷ് നയിക്കുന്ന ഇന്ത്യൻ സംഘത്തിൽ ദിവ്യ ദേശ്മുഖ് ഉൾപ്പെടെ 21 താരങ്ങളാണ് പങ്കെടുക്കുന്നത് .

******************************************

## FRANCE-PALESTINE STATE

പലസ്തീനെ സ്വതന്ത്ര രാഷ്ട്രമായി അംഗീകരിച്ച് ഫ്രാൻസ്. പലസ്തീൻ രാഷ്ട്രത്തെ ഔപചാരികമായി അംഗീകരിക്കുന്നതായി ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ പ്രഖ്യാപിച്ചു. യു എൻ പൊതുസഭയെ അഭിസംബോധന ചെയ്ത അദ്ദേഹം, ഇസ്രായേലി-പലസ്തീൻ ജനതകൾക്കിടയിലെ സമാധാനത്തെ പിന്തുണയ്ക്കുന്നതായി പറഞ്ഞു. ഓസ്ട്രേലിയ, ബ്രിട്ടൻ, കാനഡ, പോർച്ചുഗൽ എന്നിങ്ങനെ പത്തോളം രാജ്യങ്ങളും പലസ്തീനെ രാഷ്ട്രമായി അംഗീകരിച്ചിരുന്നു. എന്നാൽ യു എസ് ഈ നീക്കത്തെ വിമർശിച്ചു.

******************************************

## GOLD

സ്വർണ്ണവിലയിൽ റെക്കോർഡ് വർധന. പവന് 920 രൂപ ഉയർന്ന് 83,840 രൂപയും ഗ്രാമിന് 115 രൂപ വർധിച്ച് 10,480 രൂപയുമാണ് ഇന്നത്തെ വില .

******************************************

## TRAI

ടെലികമ്മ്യൂണിക്കേഷനുമായി ബന്ധപ്പെട്ട ഏഴാം ഭേദഗതി ചട്ടങ്ങളുടെ കരട് ട്രായ് പുറത്തിറക്കി. കരട് ചട്ടത്തിന്റെ പൂർണ്ണരൂപം TRAI വെബ്സൈറ്റായ www.trai.gov.in ൽ ലഭ്യമാണ്. ഇതുസംബന്ധിച്ച അഭിപ്രായങ്ങൾ അടുത്തമാസം ആറ് വരെ സമർപ്പിക്കാവുന്നതാണ്.

******************************************************

## INTERNATIONAL SIGN LANGUAGE DAY

ഇന്ന് അന്താരാഷ്ട്ര ആംഗ്യഭാഷാ ദിനം. ശ്രവണ പരിമിതിയുള്ള ജനങ്ങളുടെ അവകാശങ്ങൾ സംബന്ധിച്ച അവബോധം വളർത്താനാണ് ഐക്യരാഷ്ട്രസഭ സെപ്റ്റംബർ 23 അന്താരാഷ്ട്ര ആംഗ്യ ദിനമായി പ്രഖ്യാപിച്ചത്. ദിനാചരണവുമായി ബന്ധപ്പെട്ട് ന്യൂഡൽഹിയിൽ ഇന്ത്യൻ സൈൻ ലാഗ്വേജി റിസർച്ച് ആൻറ് ട്രെയിനിംഗ് സെൻററിൻറെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ കേന്ദ്രമന്ത്രിമാരായ വിരേന്ദ്ര കുമാറും ബി.എൽ വർമ്മയും പങ്കെടുക്കും.

*******************************************************************************************************************************************